# രണ്ടു പ്രമുഖ സത്യങ്ങൾ

സാക് പുന്നൻ

WFTW 03 ഏപ്രിൽ 2016

## (1). ഈ ലോകം ശ്രേഷ്ഠമായി കരുതുന്ന എല്ലാത്തിനെയും ദൈവം വെറുക്കുന്നു

'മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവദൃഷ്ടിയിൽ മ്ലേച്ഛമാണ്' (ലൂക്കോ. 16:15).

ഈ ലോകത്തിൽ വലിയതായി കണക്കാക്കപ്പെടുന്ന കാര്യങ്ങൾ, ദൈവത്തിൻറെ ദൃഷ്ടിയിൽ അവയ്ക്ക് ഒരു വിലയുമില്ലെന്നു മാത്രമല്ല, അവ അവിടുത്തേയ്ക്ക് അറപ്പാണ്. ലോകപരമായ എല്ലാ ബഹുമതികളും ദൈവത്തിന് അറപ്പായതുകൊണ്ട്, അവ നമുക്കും അറപ്പായിരിക്കണം.

ഭൂമിയിലുള്ള ഓരോരുത്തരും വിലയുള്ളതായി കാണുന്ന ഒരു കാര്യമാണ് പണം. എന്നാൽ ദൈവം പറയുന്നത് പണത്തെ സ്നേഹിക്കുന്നവരും ധനികരാകാൻ ആഗ്രഹിക്കുന്നവരുമായ എല്ലാവരും ഉടനെ തന്നെയോ അല്ലെങ്കിൽ പിന്നീടോ താഴെ പറയുന്ന എട്ട് അനന്തര ഫലങ്ങൾ അനുഭവിക്കും (1 തിമോ.6:9,10).

(മ) അവർ പ്രലോഭനങ്ങളിൽ കുടുങ്ങും (യ) അവർ കെണിയിൽ അകപ്പെടും (ര) അവർ ബുദ്ധിഹീനമായ മോഹങ്ങളിൽ വീഴും (റ) അവർ ദോഷകരമായ മോഹങ്ങളിൽ വീഴും (ല) അവർ നാശത്തിൽ മുങ്ങിപ്പോകും (ള) അവർ തകർച്ചയിൽ മുങ്ങിപ്പോകും (ഴ) അവർ വിശ്വാസം വിട്ടുഴന്നു പോകും (വ) അവർ ദാരുണ വേദനകൾക്ക് അവരെത്തന്നെ അധീനരാക്കും .

എല്ലായിടത്തും വിശ്വാസികൾക്ക് ഇക്കാര്യം വീണ്ടും വീണ്ടും സംഭവിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

നമ്മുടെ ദേശത്ത് ഈ നാളുകളിൽ കർത്താവിൽ നിന്നുള്ള ഒരു പ്രവചന ശബ്ദം തീരെ കൾക്കപ്പെടാത്തിൻറെ പ്രധാന കാരണങ്ങളിൽ ഒന്ന് കൂടുതൽ പ്രസംഗകരും പണസ്നേഹികളാണ് എന്നതാണ്. യേശു പറഞ്ഞു പണത്തിൻറെ കാര്യത്തിൽ വിശ്വസ്തരല്ലാത്തവർക്ക് യഥാർത്ഥ ധനം (പ്രവചനശബ്ദം അവയിൽ ഒന്നാണ്) ദൈവത്താൽ നിങ്ങൾക്ക് നൽകപ്പെടുകയില്ല (ലൂക്കോ. 16:11).ഇതുകൊണ്ടാണ് സഭായോഗങ്ങളിലും ക്രിസ്തീയ സമ്മേളനങ്ങളിലും ഇത്രയധികം മുഷിപ്പൻ പ്രസംഗങ്ങളും മുഷിപ്പൻ സാക്ഷ്യങ്ങളും നാം കേൾക്കുന്നത്.

## (2) നമ്മെ ഉപദ്രവിക്കുവാൻ നമുക്ക് തന്നെയല്ലാതെ മറ്റാർക്കും കഴിയുകയില്ല

'നിങ്ങൾ നന്മ പ്രവർത്തിക്കുവാൻ ശുഷ്കാന്തിയുള്ളവരെങ്കിൽ ആരാണ് നിങ്ങളെ ഉപദ്രവിക്കുക ?'(1 പത്രോ.3:13). ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ മുൻനിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുവാൻ തക്കവണ്ണം അത്ര ബലവാനാണ് ദൈവം  അതായത്, തങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിൻറെ ഇഷ്ടത്തിന് പുറത്ത് ഈ ഭൂമിയിൽ മറ്റൊരു അഭിലാഷവും ഇല്ലാത്തവർക്കു വേണ്ടി (റോമ. 8:29).സ്വർത്ഥപരമായ അഭിലാഷങ്ങൾ ഉള്ളവർക്ക് ഈ വാഗ്ദത്തം അവകാശപ്പെടാൻ കഴിയില്ല. എന്നാൽ ദൈവത്തിൻറെ ഇഷ്ടം നാം പൂർണ്ണമായി കൈക്കൊള്ളുകയാണെങ്കിൽ, ഭൂമിയിലെ നമ്മുടെ ജീവിതത്തിൻറെ ഓരോ നിമിഷവും നമുക്കീ വാഗ്ദാനം അവകാശപ്പെടാം. ഒന്നിനും നമ്മെ ഉപദ്രവിക്കാൻ കഴിയുകയില്ല.

മറ്റുള്ളവർ നമുക്ക് ചെയ്യുന്ന ഓരോ കാര്യവും നന്മയായലും തിന്മയായാലും യാദൃച്ഛികമായാലും മനപൂർവ്വമായാലും അത് റോമർ 8:28ൻറെ അരിപ്പയിലൂടെ കടന്നുപോയിട്ട് നമ്മുടെ ഏറ്റവും നന്മയ്ക്കായിട്ട് പ്രവർത്തിക്കും. അത് ഓരോ തവണയും നമ്മെ അല്പം കൂടെ ക്രിസ്തുവിനോട് അനുരൂപരാക്കിത്തീർക്കും (റോമ. 8:29) അതാണ് ദൈവം നമുക്കുവേണ്ടി പദ്ധതിയിട്ടിരിക്കുന്ന നന്മ. ഈ വാക്യത്തിൽ പട്ടികപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നവർക്കുവേണ്ടി ഓരോ സമയത്തും ഈ അരിപ്പ തികവോടെ പ്രവർത്തിക്കും.

വീണ്ടും 1 പത്രോസ് 3:13 നമ്മോട് പറയുന്നത് 'നാം നന്മ പ്രവർത്തുവാൻ ശുഷ്കാന്തിയുള്ളവരെങ്കിൽ നമ്മെ ആർക്കും ഉപദ്രവിക്കുവാൻ കഴിയുകയില്ലെ'ന്നാണ്. നിർഭാഗ്യവശാൽ ഈ വാക്യം റോമർ 8:28 പോലെ അത്ര അറിയപ്പെടുന്ന ഒരു വാക്യമല്ല. എന്നാൽ ഇനി നാം അത് പ്രചരിപ്പിക്കണം. എങ്ങനെ ആയാലും ഈ വാക്യവും, തങ്ങളുടെ ഹൃദയം എല്ലാവരോടും നന്മയുള്ളതായി സൂക്ഷിക്കുന്നുവെങ്കിൽ ശുഷ്കാന്തിയുള്ളവർക്കുവേണ്ടി മാത്രമേ പ്രായോഗികമാകുകയുള്ളു. അങ്ങനെയുള്ള ഒരു വിശ്വാസിയെ ഉപദ്രവിക്കുവാൻ ഒരു ഭൂതത്തിനോ അല്ലെങ്കിൽ മനുഷ്യർക്കോ അസാധ്യമാണ്. അതുകൊണ്ട് ഏതെങ്കിലും ക്രിസ്ത്യാനി മറ്റുള്ളവർ തന്നെ ഉപദ്രവിച്ചിട്ടുണ്ട് എന്നു പരാതി പറയുമ്പോഴെല്ലാം അയാൾ പരോക്ഷമായി സമ്മതിക്കുന്നത് താൻ ദൈവത്തെ സ്നേഹിക്കുന്നില്ലെന്നും, ദൈവത്തിൻറെ ഉദ്ദേശ്യത്തിനായി വിളിക്കപ്പെട്ടവനല്ലെന്നും, നല്ല കാര്യങ്ങൾക്കായി ശുഷ്കാന്തി ഉള്ളവനായിരുന്നില്ലെന്നും ആണ്. അല്ലായിരുന്നെങ്കിൽ, മറ്റുള്ളവർ അയാളോട് ചെയ്തതെല്ലാം അയാളുടെ നന്മയ്ക്കായി തീരുമായിരുന്നു, അപ്പോൾ ഒരു പരാതിയും ഉണ്ടാകുകയില്ലായിരുന്നു.

വാസ്തവത്തിൽ നിങ്ങളെ ഉപദ്രവിക്കാൻ കഴിയുന്ന ഏക വ്യക്തി നിങ്ങൾ തന്നെയാണ് നിങ്ങളുടെ അവിശ്വസ്തതയാലും മറ്റുള്ളവരോടുള്ള നിങ്ങളുടെ മനോഭാവത്തോടും. എനിക്കിപ്പോൾ 76 വസ്സു പ്രായമുണ്ട്, എൻറെ മുഴുവൻ ജീവിതത്തിലും എന്നെ ഉപദ്രവിക്കുന്നതിൽ ആരും വിജയിച്ചിട്ടില്ല എന്നെനിക്ക് സത്യസന്ധമായി പറയാൻ കഴിയും. അനേകർ അങ്ങനെ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്, എന്നാൽ അവർ ചെയ്ത ഓരോ കാര്യവും എൻറെയും എൻറെ ശുശ്രൂഷയുടെയും നന്മയ്ക്കായി തീർന്നു. അതുകൊണ്ട് ആ ആളുകൾക്കുവേണ്ടി ദൈവത്തെ സ്തുതിക്കാനും എനിക്കു കഴിയുന്നു. എന്നെ എതിർത്തവർ അധികവും ദൈവത്തിൻറെ വഴികൾ മനസ്സിലാക്കിയിട്ടില്ലാത്ത, 'വിശ്വാസികൾ' എന്നു വിളിക്കപ്പെടുന്നവരാണ്. ഞാൻ എൻറെ സാക്ഷ്യം നിങ്ങൾക്കു തരുന്നത് ഇത് എല്ലായ്പ്പോഴും നിങ്ങളുടെയും സാക്ഷ്യം ആയിരിക്കാൻ കഴിയും എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന് നിങ്ങളെ ഉത്സാഹിപ്പിക്കുവാൻ വേണ്ടിയാണ്.